


# സ്വാസ്ഥ്യം

website : www.mudraraiki.com

ആശ്വിനം 1935, കന്നി 1189
ഒക്ടോബർ 2013

ഇന്ത്യൻ റെയ്കി അസോസിയേഷൻ ബുള്ളറ്റിൻ

വോള്യം 4 ലക്കം 10


**ആമുഖക്കുറിപ്പ്**

## വിജയദശമിക്ക് വിദ്യാരംഭം; അവിദ്യാരംഭമല്ല

ഭാരതത്തിന്റെ ശക്തിഉപാസനാപാരമ്പര്യം വിളിച്ചോതുന്ന നവരാത്രി ആഘോഷം പരിസമാപിക്കുന്നത് വിജയദശമിദിവസത്തെ വിദ്യാരംഭത്തോടെയാണ്. കുഞ്ഞുങ്ങൾക്ക്ആദ്യാക്ഷരം കുറിക്കുന്നതിനപ്പുറം വിദ്യാരംഭത്തിന് ഏറെ പ്രസക്തിയുണ്ട്.

'അക്ഷര'ത്തെ തേടാൻ ആരംഭിക്കലാണ് വിദ്യാരംഭം. 'അക്ഷരം' എന്നാൽ 'ക്ഷര'മില്ലാത്തത് അഥവാ നശിക്കാത്തത്. 'ലിപി'കൾ നമുക്ക് അക്ഷരങ്ങളാണ്. അക്ഷരത്തെ–നാശമില്ലായ്മയെ–പ്രാപിക്കുവാനുള്ള ഉപാധികളാണ്.

'അക്ഷര'ത്തെ 'ലിപി'യായി നിയതമായ അർത്ഥം നഷ്ടപ്പെടുത്തി കാണുവാൻ പാശ്ചാത്യസ്വാധീനംമൂലം നാം ശീലിച്ചിടത്തുനിന്നാണ് നമുക്ക് സാംസ്കാരിക വ്യതിചലനമുണ്ടായത്. 'ലിപി'കൾ (alphabets) ഭൗതീകവും ലൗകീകവുമായ അറിവുകളുടെ ആരാമങ്ങളിലേക്കു മാത്രമുള്ളതാണെന്നു കരുതിയേടത്തു തെറ്റി. 'ലിപി'യുടെ വഴി അക്ഷരത്തിലേക്കു നീളുന്നതാണ്; നീളേണ്ടതാണ്.

ശാസ്ത്രസാങ്കേതികജ്ഞാനമുള്ളവരേയും പ്രൊഫഷണലുകളേയും ഇന്നു നാം 'വിദ്യാസമ്പന്ന'രായി കാണുന്നു. വാസ്തവത്തിൽ അവർ 'അവിദ്യാസമ്പന്ന'രാണ്. ഭാരതം വിദ്യ എന്നതുകൊണ്ട് ആത്മവിദ്യയെ, പരാവിദ്യയെ ആണ് ഉദ്ദേശിക്കുന്നത്. മറ്റ് ജ്ഞാനങ്ങളെല്ലാം അപരാവിദ്യ അഥവാ അവിദ്യയുടെ ഗണത്തിൽപെടുന്നു. 'വിദ്യ' ഉദ്ഗ്രഥനമാണെങ്കിൽ 'അവിദ്യ' അപഗ്രഥനാത്മകമാണ്. 'വിദ്യ' ഏകതാനതയുടെ തലത്തിലേക്ക് നയിക്കുന്നുവെങ്കിൽ 'അവിദ്യ' വേർതിരിവുകളുടെ തലത്തിനപ്പുറം പോകുന്നില്ല. അപരാവിദ്യയിൽ–അവിദ്യയിൽ–മിടുക്കുതെളിയിച്ച സൂത്രക്കാർ നവീന ലോകത്തിന് രാക്ഷസീയവും ആസുരികവുമായ ഭീഷണിയായിക്കൊണ്ടിരിക്കുന്നത് നാം കാണുന്നുവല്ലോ. തന്റെ ശാസ്ത്രഗവേഷണം ആറ്റംബോംബിലും ഹിരോഷിമ–നാഗസാക്കി വിനാശങ്ങളിലും ചെന്നെത്തിയതിനു സാക്ഷിയായ ഐൻസ്റ്റീൻ ഏറെ ഖേദിച്ചു എന്നോർക്കുക. ഇഹലോകത്തിലെയും പരലോകത്തിലെയും സ്വർഗ്ഗമല്ലാതെ അതിലുപരി ലക്ഷ്യമൊന്നും അവിദ്യോപാസകർക്കില്ല. സ്വർഗ്ഗപ്രാപ്തിക്കായുള്ള ഇവരുടെ നെട്ടോട്ടത്തിൽ ലോകം അനുക്ഷണം നരകമായിക്കൊണ്ടിരിക്കുന്നു.

സ്വർഗ്ഗം, നരകമല്ലാത്ത ഇടമാണെങ്കിൽ ഭാരതീയന്റെ മോക്ഷതലം സ്വർഗ്ഗ–നരകങ്ങൾക്കപ്പുറവും ആത്മനിഷ്ഠവും ശാശ്വതവുമാണ്. യഥാർത്ഥ ഐക്യത്തിന്റെ ഭൂമികയാണത്. അവിടം ശാശ്വതമായ ശാന്തിയുടേയും സമാധാനത്തിന്റെയും സമ്പൂർണ്ണ ഏകാത്മകതയുടേയുമാണ്. മോക്ഷാർത്ഥിയുടെ ദൃഷ്ടിയിൽ, സ്വർഗ്ഗം വളരെ താഴ്ന്നതും താൽക്കാലികവുമാണ്. ദേവന്മാർക്കായാലും അസുരന്മാർക്കായാലും സ്വർഗ്ഗത്തിൽ സ്ഥിരവാസ സാധ്യതയില്ലെന്ന് പുരാണങ്ങൾ വ്യക്തമാക്കുന്നു.

അഭികാമ്യമായതെല്ലാം ശാശ്വതമായി ചേർന്നിരിക്കുന്ന മോക്ഷത്തിന്റേതായ അക്ഷരതലമുള്ളപ്പോൾ താൽക്കാലികവും ദുഃഖത്തിലേക്കും മടുപ്പിലേക്കും വിരസതയിലേക്കും തെന്നിപ്പോകുന്നതുമായ ഭൗതീക സുഖഭോഗങ്ങൾ എന്തിന് നാം ലക്ഷ്യമാക്കണം?

വിജയദശമി ദിവസം വിദ്യാരംഭം കുറിക്കേണ്ടതും ആദ്യാക്ഷരം കുറിക്കേണ്ടതും മോക്ഷം ലക്ഷ്യമാക്കിയുള്ള ധാർമ്മിക ജീവിത യാത്രയ്ക്കു വേണ്ടിയാവണം.

## 'റൈക്വഋഷി പുരസ്കാരം–2013' പ്രമുഖ ബാലസാഹിത്യകാരി സുമംഗലയ്ക്ക്



ഇന്ത്യൻ റെയ്കി അസോസിയേഷന്റെ 14–ാം വാർഷികാഘോഷ ദിനത്തിൽ (നവംബർ–2, ദീപാവലി) പ്രമുഖ ബാലസാഹിത്യകാരി സുമംഗലയെ (ലീലാനമ്പൂതിരി,ദേശമംഗലം മന) 'റൈക്വഋഷി പുരസ്കാരം – 2013' നൽകി ആദരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രശസ്തിപത്രവും ഫലകവുമടങ്ങുന്ന പുരസ്കാരം, അസോസിയേഷൻ രക്ഷാധികാരിയും ശ്രീപുരം താന്ത്രിക ഗവേഷണകേന്ദ്രം ചെയർമാനുമായ ശ്രീ.എൽ.ഗിരീഷ്കുമാർ സമ്മാനിക്കും.

തുടർന്ന് പ്രമുഖ തെയ്യം കലാകാരൻ കെ.വി.കണ്ണൻ പെരുവണ്ണാനെയും പ്രശസ്ത ബാലസാഹിത്യകാരനായ മാതൃഭൂമി ചീഫ് സബ്എഡിറ്റർ ഡോ.കെ. ശ്രീകുമാറിനേയും ആദരിക്കും.

മുഖ്യപ്രഭാഷണം: **ശ്രീ. എൽ. ഗിരീഷ്കുമാർ**

വിഷയം : **"കർമ്മണ്യേവാധികാരസ്ഥേ.."**

നവംബർ 2ന് –ദീപാവലി –വൈകുന്നേരം 3 മണിക്ക് അളകാപുരി ജൂബിലി ഹാളിൽ ചേരുന്ന വാർഷികാഘോഷ സദസ്സിൽ കൃത്യസമയത്ത് എത്തിച്ചേർന്ന് പൂർണ്ണസമയവും പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു. യോഗം 6.30നു മുമ്പ് സമാപിക്കും.




കെ.വി. കണ്ണൻ പെരുവണ്ണാൻ



ഡോ. കെ. ശ്രീകുമാർ

**പാഥേയം - 46**

# മരണത്തിൽ തളരാമോ?




**എൽ. ഗിരീഷ്കുമാർ**
ചെയർമാൻ
'ശ്രീപുരം' താന്ത്രികഗവേഷണകേന്ദ്രം
ഇരിങ്ങാലക്കുട


ജനിച്ചാൽ മരണം സുനിശ്ചിതം. എങ്കിലും അത് മനുഷ്യനെ എന്നും അസ്വസ്ഥനും ദുഃഖിതനുമാക്കിപ്പോരുന്നു. ഭഗവത്ഗീതയും ഉദ്ധവഗീതയും കഠോപനിഷത്തും ഇങ്ങിപ്പുറത്ത് ജ്ഞാനപ്പാനയും എല്ലാം മരണത്തിന്റെ പശ്ചാത്തലത്തിൽ നിന്നും മുഖാമുഖത്തിൽ നിന്നും ഉരുത്തിരിഞ്ഞു ലഭിച്ചവയാണ് എന്നോർക്കണം. ഏറ്റവും വലിയ ആശ്ചര്യമെന്താണെന്ന യക്ഷന്റെ ചോദ്യത്തിന് (മഹാഭാരതം, ആരണ്യപർവ്വം, യക്ഷപ്രശ്നം) ധർമ്മപുത്രർ പറഞ്ഞ ഉത്തരം ഇതായിരുന്നു. ദിവസേന എത്രയോ ജീവജാലങ്ങൾ യമപുരിയിലേക്ക് പോയിക്കൊണ്ടിരിക്കുന്നതു കണ്ടിട്ടും ആളുകൾ, തങ്ങൾക്ക് നാശമില്ലെന്നും ഇവിടെ സ്ഥിരമാണെന്നും വിചാരിക്കുന്നതാണ് ഏറ്റവും വലിയ ആശ്ചര്യം! തനിക്കു മരണമില്ല എന്ന മിഥ്യാധാരണയുടെ പരോക്ഷ പ്രതിഫലനമല്ലേ വാസ്തവത്തിൽ മരണദുഃഖം?

മരണത്തെ എങ്ങിനെ നോക്കിക്കാണുന്നു എന്നതാണ് മുഖ്യം. വാർദ്ധക്യത്തിലെ പ്രതീക്ഷിത മരണത്തെക്കാൾ ദുഃഖഹേതു അപ്രതീക്ഷിത അകാലമരണമാണെന്ന നിഗമനം നിലപാടുകളിലെ വെറും വ്യത്യാസം മാത്രമാണ്. പ്രാരബ്ധം ഒടുങ്ങിയാൽ മരിക്കും. എന്നാലേ മരിക്കൂ. ജീവിതഗതിയും മരണവും നിശ്ചയിക്കുന്നത് അതാത് ജീവന്റെ കർമ്മസഞ്ചയംതന്നെ. പുതിയ സഞ്ചിതകർമ്മങ്ങൾ വ്യയം ചെയ്യുവാൻ ജീവൻ മരണത്തെ തുടർന്ന് പുതിയ ശരീരവും ജീവിതഗതിയും നേടുന്നു.

ഗംഗാദേവി, ശന്തനുരാജാവിൽ തനിക്കു പിറന്ന ഏഴുമക്കളേയും വെള്ളത്തിലേക്കെറിഞ്ഞുകൊന്നു. എട്ടാമത്തെ സന്താനത്തെയെങ്കിലും രക്ഷിക്കുവാൻ ആഗ്രഹിച്ച ശന്തനുവിന് ആ ശിശുവിനെ നൽകിയശേഷം ഗംഗ സ്ത്രീരൂപം വെടിയുകയും ചെയ്തു.... അർജ്ജുനന്റെ മകനും ശ്രീകൃഷ്ണന്റെ മരുമകനുമായ അഭിമന്യു തന്റെ പതിനാറാം വയസ്സിൽ കുരുക്ഷേത്ര യുദ്ധഭൂമിയിൽ വധിക്കപ്പെട്ടു. ചക്രവ്യൂഹ ഭേദനത്തിനിടയിലാണ് അഭിമന്യു വീരമൃത്യു വരിച്ചത്.... ഈ സംഭവങ്ങളുടെ പുറകിലെ ചരിത്രമെന്താണ്?

തന്റെ നന്ദിനിപ്പശുവിനെ മോഷ്ടിച്ച അഷ്ടവസുക്കളെ, ജരാനരയ്ക്കുവിധേയരായ മനുഷ്യരാകുവാൻ വസിഷ്ഠമഹർഷി ശപിക്കുകയായിരുന്നു. വസുക്കൾ ശാപമോചനത്തിനായി വസിഷ്ഠനോട് അപേക്ഷിച്ചു. നന്ദിനിയെ മോഷ്ടിക്കുവാൻ കൂട്ടുനിന്ന ഏഴു വസുക്കളും മനുഷ്യജന്മം സ്വീകരിച്ചാൽ മാത്രം മതിയാവുമെന്നും എന്നാൽ നന്ദിനിയെ കയറഴിച്ച് തെളിച്ചുകൊണ്ടുപോയ വസു വാർദ്ധക്യം പ്രാപിക്കുവോളം മനുഷ്യനായി ജീവിക്കുകതന്നെ വേണമെന്നും വസിഷ്ഠൻ വിധിച്ചു. വസിഷ്ഠശാപമേറ്റ ഏഴു വസുക്കളെയാണ് ഗംഗാദേവി പ്രസവിച്ച ഉടൻ നദിയിലെറിഞ്ഞത്. ശാന്തനുവിന് വളർത്താൻ നൽകിയ ശിശു എട്ടാമത്തെ വസുവായിരുന്നു. ഗംഗാദത്തൻ എന്നപേരിൽ വളർന്ന ആ കുമാരനാണ് കുരുക്ഷേത്രത്തിൽ ശരശയ്യയിൽ മരണം വരിച്ച ഭീഷ്മ പിതാമഹൻ. ഗംഗാദേവിയുടെ ശിശുഹത്യ ശന്തനുവിന്റെ പക്ഷത്തുനിന്നു നോക്കിയാൽ ക്രൂരപ്രവൃത്തിയായി തോന്നും. വസുക്കളുടെ പക്ഷത്തുനിന്നു നോക്കിയാൽ ആ പ്രവൃത്തി അനുഗ്രഹമായാണ് തോന്നുക. പ്രാരബ്ധമാണ് യഥാർത്ഥത്തിൽ ഇതിനെല്ലാം കാരണം.


കുരുക്ഷേത്രത്തിൽവെച്ച് അസുരജന്മങ്ങളുമായി നടക്കാനിരിക്കുന്ന യുദ്ധത്തിൽ പങ്കെടുക്കുവാൻ ദേവന്മാർ മനുഷ്യരായി ജനിക്കണമെന്ന നിശ്ചയപ്രകാരം ദേവന്മാർ പാണ്ഡവപക്ഷക്കാരായിഭൂമിയിൽ ജനിച്ചു. ചന്ദ്രൻ തന്റെ പ്രിയപ്പെട്ട വർച്ചസ്സ് എന്ന മകനെ പതിനാറു വർഷത്തേക്കുമാത്രം അർജ്ജുനന്റെ മകനായി ജീവിക്കുവാൻ നിയോഗിക്കുകയാണുണ്ടായത്. ചന്ദ്രന്റെ മകനായ വർച്ചസ്സാണ് കുരുക്ഷേത്രഭൂമിയിൽ വീരമൃത്യു വരിച്ച അഭിമന്യു. ആ മരണം ശ്രീകൃഷ്ണനെപ്പോലും ദുഃഖിപ്പിച്ചപ്പോൾ ചന്ദ്രനെ അത് തീർച്ചയായും സന്തോഷിപ്പിച്ചിരിക്കും.


ചിലകൂട്ടം പ്രാരബ്ധങ്ങളുടെയും നിയോഗങ്ങളുടെയും പരിസമാപ്തി മാത്രമായ മരണം ദുഃഖകാരണമാകുന്നത് നമ്മുടെ മമത (എന്റേത് എന്ന തോന്നൽ) കാരണമാണ്. മനുഷ്യരായ നമുക്ക് മമത തോന്നുന്നത് സ്വാഭാവികം. അതിനാൽ ഇഷ്ടജന വിയോഗത്തിൽ നമുക്ക് ദുഃഖം അനുഭവിക്കാം; അത് പ്രകടിപ്പിക്കുകയുമാവാം. പക്ഷെ മരണദുഃഖം നമ്മെ തളർത്തിക്കൂടാ. ദുഃഖിക്കുന്നതിലല്ല ദുഃഖത്തിൽ നിലയുറപ്പിക്കുന്നതിലാണ് അബദ്ധമുള്ളത്. വികാരങ്ങളെ വിചാരങ്ങൾകൊണ്ട് കീഴ്പ്പെടുത്തുകതന്നെ വേണം. ധർമ്മ നിർവ്വഹണത്തിനായി കർമ്മരംഗത്തേക്ക് മടങ്ങുകതന്നെ വേണം. 'വീണ'പൂവിനെ നോക്കി മഹാകവി കുമാരനാശാൻ 'കണ്ണേ മടങ്ങുക' എന്നുപാടിയത് അർത്ഥഗർഭമായാണ്. 'കരിഞ്ഞുമലിഞ്ഞുമാശു'മണ്ണാവുകയും വിസ്മൃതിയിലേക്ക് വിലയിക്കുകയും ചെയ്യുന്നതിനുമുമ്പ് ശേഷിപ്പുള്ള കർമ്മങ്ങൾ യഥാവിധി അനുഷ്ഠിക്കുവാൻ നാം ജീവിതത്തിലേക്ക് മടങ്ങുകതന്നെ വേണം. വിസ്മൃതിയിലേക്ക് വിലയിക്കുന്നതിനുമുമ്പ് നമുക്കും പൂവിനെപ്പോലെ വിടരുകയും നറുമണം പരത്തുകയും തേടിയെത്തുന്ന വണ്ടുകൾക്കും തേനീച്ചകൾക്കുമായി ആത്മദാനം നിർവ്വഹിക്കുകയും ചെയ്യേണ്ടതുണ്ട്.

# സന്ധിമുദ്ര

സന്ധികളിലെ ഊർജ്ജം സമീകരിക്കുവാൻ ഈ മുദ്ര സഹായകമാണ്. ആവശ്യമുള്ള സന്ദർഭങ്ങളിലോ, ദിവസേന പതിനഞ്ചുമിനുട്ടുവീതം നാലു തവണയായോ ഇതു ചെയ്യാം.

വലതുകയ്യിന്റെ പെരുവിരലും മോതിരവിരലും ചേർക്കുക. ഇടതുകയ്യിന്റെ പെരുവിരലും നടുവിരലുമാണ് ചേർക്കേണ്ടത്. ഇങ്ങിനെ ഇരുകൈകളുടേയും വിരലുകൾ ചേർത്തുവെച്ചാൽ സന്ധിമുദ്രയായി.



# വിളയിൽ ശ്രേഷ്ഠം വിത്ത്

**- സി. എം. കൃഷ്ണനുണ്ണി -**

വിളവിൽ ശ്രേഷ്ഠമായത് ഏതാണെന്നായിരുന്നു യക്ഷന്റെ ഒരുചോദ്യം. വിത്താണെന്ന് യുധിഷ്ഠിരന്റെ ഉത്തരം!

വനവാസകാലത്ത് ദ്വൈതവനത്തിൽ താമസിക്കുകയായിരുന്നു പാണ്ഡവന്മാരും പാഞ്ചാലിയും. ആയിടക്ക് ഒരു ദിവസം, സങ്കടത്തോടെ ഒരു ബ്രാഹ്മണൻ യുധിഷ്ഠിരനെ സമീപിച്ചു. ഓടിപ്പോയ മാനിന്റെ കൊമ്പുകളിൽ കുടുങ്ങിയ അരണിയും കടകോലും വീണ്ടെടുത്തുതരണമെന്നായിരുന്നു ബ്രാഹ്മണന്റെ യാചന. മാനിനേയും തേടി യുധിഷ്ഠിരനും അനുജന്മാരും ബഹുദൂരം ഓടിത്തളർന്നു. ദാഹവിവശരായ അവർ അകലത്ത് വെള്ളമുള്ളതിന്റെ സൂചന മനസ്സിലാക്കി. വെള്ളം കൊണ്ടുവരാൻപോയ നകുലസഹദേവന്മാരും ഭീമാർജ്ജുനന്മാരും മടങ്ങിവന്നു കാണാഞ്ഞതിനാൽ സ്വയം ഇറങ്ങിത്തിരിച്ച യുധിഷ്ഠിരൻ, തടാകക്കരയിൽ അനുജന്മാരെല്ലാവരും മരിച്ചുകിടക്കുന്ന കാഴ്ചയാണ് കണ്ടത്. അപ്പോൾ ഒരു അശരീരി ഉണ്ടായി. ഒരു യക്ഷന്റെ ശബ്ദമായിരുന്നു അത്. താൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം പറഞ്ഞാൽ അനുജന്മാരെ ജീവിപ്പിക്കാമെന്നും വെള്ളമെടുക്കാൻ അനുവദിക്കാമെന്നും യക്ഷൻ പറഞ്ഞു.

യക്ഷരൂപത്തിൽ വന്നത് സാക്ഷാൽ യമധർമ്മൻ തന്നെയായിരുന്നു. തന്റെ മകനായ യുധിഷ്ഠിരന്റെ ജ്ഞാനത്തെ പരീക്ഷിക്കുകവഴി ലോകർക്ക് ആ ജ്ഞാനം പ്രാപ്തമാക്കുക എന്നതായിരുന്നു യമന്റെ ഉദ്ദേശ്യം. മഹാഭാരതത്തിലെ ആരണ്യപർവ്വത്തിലെ യക്ഷപ്രശ്നം എന്ന ഭാഗം ഒരു ജ്ഞാനഭണ്ഡാരം തന്നെയാണ്. യക്ഷൻ യുധിഷ്ഠിരനോട് ചോദിച്ച നിരവധി ചോദ്യങ്ങളിലൊന്നാണ് വിളകളിൽ ശ്രേഷ്ഠം ഏത് എന്നത്.

വിളകൾ എന്നാൽ കൃഷിചെയ്തുണ്ടാക്കുന്ന വിഭവങ്ങൾ. പാടത്തും പറമ്പിലും വിളയിക്കപ്പെടുന്നവയെല്ലാം വിളകൾതന്നെ. നിത്യോപയോഗവസ്തുക്കളാണ് മനുഷ്യൻ വിളയിച്ചെടുക്കാറുള്ളത്. നെല്ല്, ഗോതമ്പ്, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവയെല്ലാം വിളകൾ എന്ന ഗണത്തിൽപ്പെടുന്നു. ഈ നാനാവിധ വിളകളിൽ ശ്രേഷ്ഠം ഏതാണെന്നായിരുന്നു യക്ഷന്റെ ചോദ്യം. വിത്തുകളാണ് വിളകളിൽ ശ്രേഷ്ഠം എന്ന് യുധിഷ്ഠിരന്റെ മറുപടി!

വിളകളോടൊപ്പം വളവും വെള്ളവും വലിച്ചെടുത്ത് കളകളും കൃഷിയിടങ്ങളിൽ വളരുക പതിവാണ്. കൃഷിക്കാർ അവ പറിച്ചുകളയും. എന്നാലെ വിളകൾ പുഷ്ടിപ്പെടുകയുള്ളൂ. ഇങ്ങിനെ വിളയുന്നവയിൽ കുറേ പതിരായിപ്പോകും. കുറേ കൊഴിഞ്ഞു പോവുകയും കിളികൾക്കുംമറ്റും ഭക്ഷണമാവുകയും ചെയ്യും. ഇതെല്ലാം കഴിഞ്ഞ് ലഭിക്കുന്ന വിളകളിൽനിന്ന് ഒരു പങ്ക് (മൂപ്പും ഗുണവും നോക്കി) വിത്താക്കുവാൻ മാറ്റിവെച്ചശേഷമാണ് ശേഷിച്ചത് ഉപയോഗത്തിനെടുക്കുക. വിത്താക്കിമാറ്റി സംരക്ഷിക്കുന്ന വിളകൾ ഉപയോഗിച്ചാണ് കർഷകർ പിന്നീടുവരുന്ന കൃഷിക്കാലങ്ങളിൽ കൃഷിയിറക്കുക. ഓരോ വിത്തിൽനിന്നും നിരവധി കതിരുകളും വിളകളും ഉണ്ടാകുമെന്നർത്ഥം.

വിത്തിനായി മാറ്റിവെക്കുന്ന മുന്തിയ വിളകളാണ് വിളകളിൽവെച്ച് ശ്രേഷ്ഠമായത് എന്നാണ് യുധിഷ്ഠിരൻ പറഞ്ഞത്. മികവും സ്വന്തം ഗണത്തിൽപെട്ട അനേകങ്ങളെ സൃഷ്ടിക്കുവാനുള്ള ശേഷിയും ഉള്ള വിത്തുകളാണ് ശ്രേഷ്ഠം!

കൽപ്പാന്തപ്രളയത്തിനുതൊട്ടുമുമ്പ് സത്യവ്രതൻ എന്ന രാജാവ് കൃതമാല എന്ന തീർത്ഥസ്ഥാനത്തുവെച്ച് ഭഗവാന്റെ നിർദ്ദേശപ്രകാരം എല്ലാജീവജാലങ്ങളിലെയും മികച്ച ഇനങ്ങളെ സ്വന്തം തോണിയിൽ സംഭരിച്ചു എന്നും മത്സ്യരൂപത്തിൽ അവതരിച്ച മഹാവിഷ്ണു സ്വന്തം തേറ്റയിൽ ബന്ധിക്കപ്പെട്ട ആ വിത്തുതോണി പ്രളയജലത്തിൽ നശിച്ചു പോകാതെ സംരക്ഷിച്ചുവെന്നും ശ്രീമദ് ഭാഗവതം (8-ാം സ്കന്ധം, 24-ാം അദ്ധ്യായം) പറയുന്നു. വിത്തുകളായിത്തീരുന്ന വിളകളെ ഭഗവാൻ നേരിട്ട് സംരക്ഷിക്കും എന്ന് ഇതിൽനിന്ന് വായിച്ചെടുക്കാം.

നമ്മൾ മറ്റുള്ളവർക്ക് പ്രയോജനകരമായ അസ്സൽ വിളവുകളായിത്തീരുന്നതോടൊപ്പം നമ്മെപ്പോലെ അനേകരെ സൃഷ്ടിക്കുവാൻ ശേഷിയുള്ള വിത്തുകളായും തീരണം എന്ന ആശയമാണ് ഉയർത്തിക്കാട്ടുവാൻ ഉദ്ദേശിക്കുന്നത്. റെയ്കി ഉപാസകരെന്നനിലയ്ക്ക് നാം നമുക്കും നമ്മുടെ സമ്പർക്കത്തിൽ വരുന്നവർക്കും പരമാവധി പ്രയോജനപ്പെടണം. വിളയുടെ മൂല്യം അതിന്റെ പ്രയോജനക്ഷമതയാണെന്നതുപോലെ നമ്മുടെ മൂല്യം നാം എത്രത്തോളം മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നു എന്നതിലാണ്. മറ്റുള്ളവരെ എങ്ങിനെ തനിയ്ക്ക് പ്രയോജനപ്പെടുത്താം എന്ന കുറുക്കൻ ചിന്തയാണ് നവീന മാനേജ്മെന്റ് യുഗം സമ്മാനിക്കുന്നത്. ഈ ചൂഷണത്വര സമൂഹത്തിൽ അസ്വസ്ഥതയും അസംതൃപ്തിയും അരക്ഷിതാവസ്ഥയും മൂല്യശോഷണവും വ്യാപിപ്പിക്കുകയേ ചെയ്യൂ. മറ്റുള്ളവർക്കും മറ്റുള്ളവയ്ക്കും സ്വയം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സൃഷ്ടികളിൽ ഓരോന്നിന്റെയും നിലനിൽപ്പാണ് പ്രപഞ്ചത്തിന്റെതന്നെ നിലനിൽപ്പിനും സുസ്ഥിതിയ്ക്കുംഅവലംബമാവുക. പരസ്പരപൂരകമായ ഈ പ്രയോജനക്ഷമതയാണ് പ്രപഞ്ചത്തിന്റെ ജൈവതാളം.

പ്രയോജനക്ഷമതയെന്ന ഈ പ്രാഥമിക ജൈവമൂല്യത്തിൽനിന്ന് ദൈവീകമടിത്തട്ടിലെ പ്രത്യേക സുരക്ഷിതത്വത്തിലേക്കും മൂല്യവർദ്ധനവിലേക്കും ഉള്ളമാറ്റം സ്വയം വിത്തായി പരിണമിച്ചുകൊണ്ടുള്ളതാണ്. മികവും പ്രയോജനശേഷിയും വിത്തിന്റെ ഗുണങ്ങളാണെന്നതുപോലെ പ്രയോജനക്ഷമതയും തന്നെപ്പോലെ ഗുണമേന്മയുള്ളവരെ സൃഷ്ടിയ്ക്കുവാനും വളർത്തിയെടുക്കുവാനുമുള്ള കഴിവും നമുക്കുണ്ടാവണം. റെയ്കി സാധകർ എന്ന നിലയ്ക്ക് നാം സ്വയം മികവുപുലർത്തുകയും കൂടുതൽ കൂടുതൽപേരെ റെയ്കിയുടെ ദിവ്യസന്നിധിയിലേയ്ക്ക് ആനയിക്കുവാൻ പ്രാപ്തരാവുകയും വേണം. ഉസൂയിയുടെ 150-ാം ജന്മവാർഷികം ആചരിച്ചുവരുന്ന ഈ വേളയിൽ സ്വയം റെയ്കിവിത്തുകളാവുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. ആ പ്രതിജ്ഞ പാലിച്ചുകൊണ്ട് നമുക്ക് പരമാത്മാവിന്റെ ഉറച്ചസംരക്ഷണത്തിൽ ജീവിതം ധന്യമാക്കാം.

വാൽക്കഷ്ണം : *സ്വയം വിത്തായിത്തീരുക എന്ന ആശയവും ലക്ഷ്യവും രാഷ്ടീയ-സാമൂഹ്യ-സാംസ്കാരിക-ധാർമ്മിക പ്രസ്ഥാനങ്ങൾ അവയുടെ അനുയായികളുടെ മുന്നിൽ വെച്ചിരുന്നുവെങ്കിൽ സർവ്വമാനതുറകളിലും കളകളും പതിരുകളും ആധിപത്യം പുലർത്തുന്ന ഇന്നത്തെ അവസ്ഥ ഉണ്ടാകുമായിരുന്നില്ലല്ലോ!*

**ഉപനിഷത്സാരം-3**

# പ്രാണൻ തന്നെ മുഖ്യം

വാക്ക് വസിഷ്ഠയാണ്; ചക്ഷുസ്സ്(നേത്രേന്ദ്രിയം)പ്രതിഷ്ഠയാണ്; മനസ്സ് ആശ്രയമാണ്; രേതസ്സ് പ്രജാപതിയാണ് - ഇങ്ങിനെ അതാതിനെ തിരിച്ചറിഞ്ഞ് ഉപാസിക്കുന്നവർ വസിഷ്ഠനും പ്രതിഷ്ഠിതനും സർവ്വ സുഖഭോഗങ്ങളും അനുഭവിക്കുന്നവനും ആശ്രയവും സമൃദ്ധനുമായിത്തീരും. പ്രാണനെ ജ്യേഷഠനും(അഭിവന്ദ്യനും പിതൃതുല്യനും) ശ്രേഷ്ഠനുമായി അറിഞ്ഞ് ഉപാസിക്കുന്നവരാകട്ടെ ജ്യേഷ്ഠനും ശ്രേഷ്ഠനുമാവുന്നു എന്ന് ബൃഹദാരണ്യകോപനിഷത്ത് (6-ാം അദ്ധ്യായം, ഒന്നാം ബ്രാഹ്മണം) പറയുന്നു.

ഒരിക്കൽ തങ്ങളിൽ ആരാണ് വസിഷ്ഠൻ (ശ്രേഷ്ഠൻ) എന്ന് തീർപ്പ് കൽപ്പിച്ചുകിട്ടുന്നതിന്നായി വാക്കും ചക്ഷുസ്സും ശ്രോത്രവും മനസ്സും രേതസ്സും ബ്രഹ്മാവിനെ സമീപിച്ചു. ``നിങ്ങളിൽ ആർ വിട്ടുപോയാലാണോ ശരീരം കൂടുതൽ നികൃഷ്ടമാവുന്നത്, അതാണ് ശ്രേഷ്ഠമായിട്ടുള്ളത് എന്നായിരുന്നു ബ്രഹ്മാവിന്റെ തീർപ്പ്.

ബ്രഹ്മാവിന്റെ വാക്കുകൾകേട്ട സംസാരശേഷിയും കാഴ്ചശക്തിയും കേൾവിക്കുള്ളകഴിവും മനസ്സും രേതസ്സും ഓരോ വർഷംവീതം യഥാക്രമം ശരീരത്തിൽ നിന്ന് വിട്ടുനിന്ന് പരീക്ഷണം നടത്തി. അവ ഓരോന്നും വിട്ടുനിന്നതുകൊണ്ട് ശരീരം അതാതിന്റെ അഭാവം അനുഭവിച്ചു എന്നല്ലാതെ നിശ്ശേഷ്ഠമായില്ല. ഒടുവിൽ പ്രാണൻ ശരീരത്തിൽനിന്ന് വിട്ടുനിൽക്കാൻ ഉദ്യമിച്ചു.

ഉദ്യമം ആരംഭിച്ചപ്പോൾതന്നെ ഇന്ദ്രിയങ്ങളും മനസ്സും സ്ഥാനഭ്രഷ്ടരാകുവാൻ തുടങ്ങി. അവ ഏകസ്വരത്തിൽ പറഞ്ഞു: ഭഗവാനെ പോകരുത്. അങ്ങയെകൂടാതെ ഞങ്ങൾക്ക് ജീവിക്കുക സാദ്ധ്യമല്ല. അപ്പോൾ പ്രാണൻ പറഞ്ഞു; അങ്ങിനെയെങ്കിൽ എനിക്ക് ബലിയർപ്പിക്കുവിൻ അങ്ങിനെയാകട്ടെ എന്ന് ഇന്ദിയങ്ങൾ സമ്മതിച്ചു.

പ്രാണനാണ് ജ്യേഷ്ഠനും ശ്രേഷ്ഠനും. പ്രാണനെ ഉപാസിക്കുന്നവർ ജ്യേഷ്ഠനും ശ്രേഷ്ഠനുമാകും. വാക്കും കാഴ്ച്ചയും കേൾവിയും മനസ്സും സുഖവും വംശവർദ്ധനയുമെല്ലാം പ്രാണനെമാത്രം ആസ്പദിച്ചാണുള്ളത്.

## സ്വർണ്ണപ്രകാശത്തിന്റെ സാദ്ധ്യത

കാൻസർ കോശങ്ങളെ നശിപ്പിക്കുവാൻ സ്വർണ്ണത്തിന്റെ നാനോ പാർട്ടിക്കിൾസ് (ചെറുതരികൾ) ഉപയോഗിക്കാമെന്ന് കണ്ടെത്തപ്പെട്ടിരിക്കുന്നു. ഫോട്ടോ തെർമ്മൽ തെറാപ്പിയുടെ വികസിതരൂപമാണ് ഈ കണ്ടെത്തൽ.രോഗിയുടെ ശരീരത്തിൽ സ്വർണ്ണത്തിന്റെ നാനോ പാർട്ടിക്കിൾസ് കുത്തിവെച്ചാൽ അവ ട്യൂമറുകൾക്കകത്തെത്തുന്നതോടെ നാനോ ബുള്ളറ്റുകളായി രൂപപ്പെടുമത്രെ. ആ പ്രകാശത്തിന്റെ ചൂടിൽ കാൻസർകോശങ്ങൾ നശിക്കും എന്നാണ് കണ്ടെത്തൽ.

കാസർക്കോഡ് നീലേശ്വരം സ്വദേശിയും കനഡയിലെ ആൽബർട്ട് കലഗാരി വെബ്ബർ അക്കാഡമിയിലെ ഹൈസ്ക്കൂൾ വിദ്യാർത്ഥിയുമായ അർജ്ജുൻ നായർ എന്ന 16 കാരന്റേതാണ് ഈ കണ്ടുപിടുത്തം. കനേഡിയൻ സർക്കാർ Sanofi Bio GENEius challenge Caneda പുരസ്ക്കാരം നൽകി ഈ വിദ്യാർത്ഥിയെ ആദരിച്ചു.

സുവർണ്ണപ്രകാശധ്യാനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നതുകൂടിയല്ലേ ഈ കണ്ടുപിടുത്തം. ലേസർ രശ്മികളെ പ്രതിരോധിക്കുവാൻ നാനോ പാർട്ടിക്കിൾസിനാവുമെന്ന വാർത്ത സ്വാസ്ഥ്യം മുമ്പ് (2012 ഒക്ടോബർ) പ്രസിദ്ധീകരിച്ചിരുന്നത് ഓർക്കുമല്ലോ. സുവർണ്ണ പ്രകാശ ധ്യാനവും ആരോഗ്യ സംരക്ഷണത്തിന് സഹായകമാണെന്ന് മനസ്സിലാക്കാം.

## ഒക്ടോബർ മാസത്തെ ക്ലാസ്സുകൾ

Ist ലെവൽ ക്ലാസ് – 16 – 10 – 2013 – ബുധൻ അളകാപുരി
IInd ലെവൽ ക്ലാസ് – 20 – 10 – 2013 – ഞായർ അളകാപുരി
IIIrd A ക്ലാസ് – 17 – 10 – 2013 ന് 1.30 മുതലും 18 – 10 – 2013 നും
പെൻഡുലം ക്ലാസ് – 14 – 10 – 2013 ചൊവ്വാഴ്ച
നവംബർ മാസത്തെ "മുദ്രാറെയ്കി" ഉപാസക സംഗമം ഐ. ആർ. എ. യുടെ 14 – ാം വാർഷികദിനമായ 02 – 11 – 2013 ദീപാവലിക്ക് 3 മണിമുതൽ അളകാപുരി ജൂബിലി ഹാളിൽ

1 st ലെവൽ റിവിഷൻ ക്ലാസ് 29.12.13 ഞായറാഴ്ച അളകാപുരിയിൽ (മുൻകൂട്ടി പേർ നൽകണം.)

## മുടിയുടെ വളർച്ചപോലെ

പരമാനന്ദത്തിലേക്കുള്ള മാർഗ്ഗം ഏതാണ്? ഒരാൾ യോഗിയോട് ചോദിച്ചു. പരമാനന്ദത്തെക്കുറിച്ചുള്ള ചിന്ത കൈവെടിയുമ്പോൾ പരമാനന്ദം നിങ്ങളുടെ വളർത്തുപട്ടികണക്കെ ഓടി എത്തിക്കൊള്ളും- യോഗി പറഞ്ഞു.

അദ്ദേഹം തുടർന്നു: ജീവിതത്തിലെ പല ആനന്ദങ്ങളും ലഭിക്കുന്ന മാർഗ്ഗത്തിന്റെ എതിർ ദിശയിലാണ് പരമാനന്ദത്തിലേക്കുള്ള മാർഗ്ഗം. നിങ്ങൾ ആനന്ദം തേടിക്കൊണ്ടിരിക്കുന്നത് നിങ്ങളിൽനിന്നും അകന്നുകൊണ്ടാണ്. ആ ശ്രമത്തിൽ പദവികളും പാദസേവകരും പണവും മെച്ചപ്പെട്ട ആരോഗ്യവും കിട്ടിയേക്കാം. നിങ്ങളുടെ ഓട്ടം അത്തരം ഓരോ കുമിളകൾക്കും പിന്നാലെയാണ്. എങ്കിലും തിരിച്ചറിവിന്റെ നിമിഷം എപ്പോഴെങ്കിലും വന്നണയാതിരിക്കുകയില്ല - എന്തെല്ലാമോ നേടിയെങ്കിലും മൊത്തത്തിൽ പരമദരിദ്രനായിരുന്നു താൻ എന്ന തിരിച്ചറിവ്! സ്വന്തം ശരീരത്തിൽനിന്ന് വമിക്കുന്ന സുഗന്ധത്തിന്റെ ഉറവിടംതേടി അലഞ്ഞ് ഒടുവിൽ കടുവയുടെ വായിലെത്തുന്ന കസ്തൂരിമാനിനെപ്പോലെ കച്ചവടത്തിന്റെ കോൺക്രീറ്റ് കാടുകളിൽ നാം അവിശ്രമം അലയുന്നു. മുടിയുടെ വളർച്ചപോലെ സ്വാഭാവികമായി.......

***(കടപ്പാട്: ദേബാശിഷ് ചാറ്റർജി, 2013 സപ്റ്റംബർ 11)***

## നമ്മുടെ കർത്തവ്യങ്ങൾ

* *സ്വന്തം ശരീരത്തിൽ പതിവായി ഹീലിങ്ങ് നിർവ്വഹിക്കൽ*
* *പഞ്ചശീലങ്ങൾ മാനസികമായി ആവർത്തിക്കലും അവയുടെ പൊരുളുകളെക്കുറിച്ച് ചിന്തിക്കലും*
* *'ഹീലിങ്ങ് ഇന്ത്യ' പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ദിവസേന ഇന്ത്യയ്ക്ക് റെയ്കി നൽകൽ.*
* *ഐ. ആർ. എ റെയ്കി ബോക്സിലേക്ക് പതിവായി റെയ്കി നൽകൽ*
* *ബന്ധുക്കളെയും പരിചയക്കാരെയും സുഹൃത്തുക്കളെയും മുദ്രാറെയ്കി യുമായി പരിചയപ്പെടുത്തലും മുദ്രാറെയ്കി ഉപാസകരാവാൻ പ്രേരിപ്പിക്കലും*
* *സ്വന്തം പ്രേരണ കാരണം മുദ്രാ റെയ്കി ഉപാസകരായവരുടെ സംശയങ്ങൾ തീർക്കലും അവർക്ക് പ്രോത്സാഹനം നൽകലും.*

Printed & Published by Indian Raiki Association, 'Sobhanam', Mankavu, Kozhikode -7, Ph: 9895611907. For Private Circulation only